ആശുപത്രികളിൽ അത്യാധുനിക ചികിത്സാ സംവിധാനത്തിനുള്ള കർമ്മ പദ്ധതി

11 (*414) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. മുഹമ്മദാലി:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും അത്യാധുനിക ചികിത്സാ സംവിധാനങ്ങൾ കൂടുതലായി ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത്തരത്തിൽപ്പെടുന്ന ഏതെല്ലാം ആശുപത്രികളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തേണ്ടത് എന്നത് സംബന്ധിച്ച് ഒരു കർമ്മ പദ്ധതിക്ക് രൂപം നൽകാനുദ്ദേശമുണ്ടോ ;

(സി) സ്വകാര്യ സ്ഥാപനങ്ങളിലെ താങ്ങാൻ പറ്റാത്ത ഫീസുമൂലം കഷ്ടപ്പെടുന്ന രോഗികളുടെ രക്ഷയ്ക്കായി അത്യാധുനിക ചികിത്സോപാധികൾ ഇത്തരത്തിലുള്ള ആശുപത്രികളിൽ സജ്ജീകരിക്കുവാൻ നടപടിയെടുക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) സർക്കാർ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എല്ലാ വർഷവും കൂടുതൽ അത്യാധുനിക ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നുണ്ട്.

(ബി&സി) ഓരോ വർഷവും ബജറ്റിൽ വകയിരുത്തുന്ന തുകയ്ക്ക് അനുസൃതമായി ഒരു കർമ്മ പദ്ധതിക്ക് അതാതു വർഷം രൂപം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്യുന്നത്. മെഡിക്കൽ കോളേജുകളിലേക്ക് ആവശ്യമായ ആധുനിക ചികിത്സോപകരണങ്ങൾ വാങ്ങുന്നതിനായി 2003-04 വർഷത്തിൽ 2.7 കോടി രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു. ജില്ലാ-താലൂക്ക്-ജനറൽ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഈ വർഷം 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രധാനപ്പെട്ട ജില്ലാ ആശുപത്രികളിൽ കാർഡിയോളജി, നെഫ്രോളജി, എന്നീ വിഭാഗങ്ങൾ തുടങ്ങാനും, ആരോഗ്യ വകുപ്പിൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി കേഡർ എന്നിവ ആരംഭിക്കാനും ഉദ്ദേശിക്കുന്നു. കൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് താഴെത്തട്ടിലുള്ള ആശുപത്രികളുമായി ടെലിമെഡിക്കൽ സംവിധാനത്തിലൂടെ ബന്ധപ്പെടുത്തി വിദഗ്ധ ചികിത്സ വിദൂര സ്ഥലങ്ങളിലും എത്തിക്കാനുള്ള ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന് രണ്ടര കോടി രൂപ ചെലവുവരും. ഇവയെല്ലാം സാധാരണക്കാരും, പാവപ്പെട്ടവരുമായ രോഗികളുടെ രക്ഷകൂടി കണക്കിലെടുത്തുകൊണ്ടുള്ള നടപടികളാണ്.

LIBRARY ARCHIVES Kerala Legislative Assembly